# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2187–18/06/2013 –ലെ മറുപടിക്ക്
**<u>കെ.എഫ്.സി.യുടെ ഇന്ററസ്റ്റ് സബ് വെൻഷൻ വായ്പ പദ്ധതി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. എം.എ.വാഹീദ് | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | കെ.എഫ്.സി.യുടെ ഇന്ററസ്റ്റ് സബ് വെൻഷൻ വായ്പ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | 2013-2014 ലെ കേരള ബജറ്റിൽ പ്രഖ്യാപിച്ച ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. കെ.എഫ്.സി പദ്ധതിയുടെ ബോധവൽക്കരണ മേളകൾ സംഘടിപ്പിച്ചു വരുന്നുമുണ്ട്. |
| (ബി)<br><br>(സി)<br><br>(ഡി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>ഏതെല്ലാം മേഖലകളാണ് ഈ പദ്ധതിയുടെ പരിധിയിൽപെടുത്തുന്നത്; വിശദമാക്കുമോ ;<br><br>എന്തെല്ലാം സഹായങ്ങളാണ് സംരംഭകർക്ക് പദ്ധതി വഴി നൽകുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഉന്നത സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വായ്പയിൽ 2% മുതൽ 3% വരെ പലിശ ഇളവ് നൽകാനുള്ള ഒരു പദ്ധതിയാണ് ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി. പ്രത്യേകിച്ചും കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളിലെ നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി വ്യവസായ യൂണിറ്റുകൾ തുടങ്ങുന്ന സംരംഭകർക്ക് സാമ്പത്തിക പിൻബലം നൽകാൻ ഈ പദ്ധതി സഹായകമാകും. ഭക്ഷ്യ സംസ്ക്കരണം, ഐ.ടി, ഫാഷൻ വസ്ത്രങ്ങൾ, കരകൗശലം, ഉപഹാര വസ്തുക്കൾ, കാർഷികോൽപ്പന്ന സംസ്ക്കരണം, മത്സ്യ സംസ്ക്കരണം ഇവയുടെ പാക്കേജിംഗ് തുടങ്ങിയ മേഖകളിലെ സംരംഭങ്ങൾക്കാണ് മുഖ്യമായും ഈ സഹായം നൽകുക. ഇത്തരം സംരംഭങ്ങളുടെ ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് 3% - ഉം ഒരു കോടിയിൽ കൂടുതലുള്ള വായ്പകൾക്ക് 2% -ഉം പലിശ സബ്സിഡി ലഭ്യമാക്കുന്നതാണ്. |

(ഒപ്പ്)

അക്കൗണ്ട്സ് ഓഫീസർ